# അമേരിക്ക, ഇറാനെതിരെ നടപടി തുടങ്ങിക്കഴിഞ്ഞു

ഇന്നേക്ക് പതിനഞ്ച് പതിനാറു വർഷംമുമ്പേ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അക്കാലത്തെ ആഗോള ഇസ്ലാമിന്റെ പരിതാപകരമായ അവസ്ഥ ചിത്രീകരിച്ചുകൊണ്ട് മുസ്ലിംകളും അന്യമതാനുയായികളും മുസ്ലിംകൾക്ക് വരുത്തിവെച്ചുകൊണ്ടിരുന്ന നഷ്ടത്തെ സംബന്ധിച്ച് വിവരിക്കുകയുണ്ടായി. അതിൽ അന്നുമുതൽ തുടങ്ങി ഇന്നുവരെ മുസ്ലിംലോകം അനുഭവിച്ചുകൊണ്ടിരിക്കുന്ന കെടുതികളെ സംബന്ധിച്ചും പറഞ്ഞിരുന്നു; പ്രത്യേകിച്ച് അറബ്ലോകത്തിന്റെ അവസ്ഥ. അതിന്ന് കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ചില പാശ്ചാത്യരാഷ്ട്രങ്ങൾ അവരെ തങ്ങളുടെ ചൊല്പടിക്ക് നിർത്തുന്നതിനുവേണ്ടി ചെയ്യുന്ന സങ്കീർണ്ണാവസ്ഥകളെക്കുറിച്ചും മറ്റും വിവരിച്ചുകൊണ്ട് ഹുസൂർ(റഹ്) നിരവധി ഖുത്ബകൾ കൊടുത്തിരുന്നു. എന്നുമാത്രമല്ല ഭയാനകമായ ആ ദുസ്ഥിതിയിൽനിന്ന് വെളിയിൽ വരാനുള്ള വഴികളും ഹുസൂർ(റഹ്) നിർദ്ദേശിച്ചിരുന്നു. ആഗോള ഇസ്ലാമിനു വേണ്ടി പ്രാർത്ഥിക്കാനും ജമാഅത്തിനോട് അവിടന്ന് പറഞ്ഞു. കാരണം അങ്ങേയറ്റം ഭയാനകമായ അവസ്ഥയാണ് ഇസ്ലാമികലോകത്ത്, പ്രത്യേകിച്ച് അറബ്ലോകത്ത് കണ്ടുകൊണ്ടിരിക്കുന്നത്. അവിടന്ന് നല്കിയ നിർദ്ദേശങ്ങളെ എന്നെത്തേക്കുംപോലെ ഇസ്ലാമികലോകത്തെ നേതാക്കൾ സ്വീകരിക്കുകയില്ലെന്നത് പ്രകടമായിരുന്നു. എന്നാൽ, പിന്നീട് അവിടന്ന് പറഞ്ഞതുപോലെതന്നെ എല്ലാം സംഭവിച്ചതായി നാം കണ്ടു. 10, 12 വർഷത്തെ അതിക്രൂരമായ അവസ്ഥകൾ നമ്മുടെ മുമ്പിലുണ്ട്. ഇന്നും ഇറാഖ് ഭരണകൂടത്തെ അട്ടിമറിച്ച്, പ്രത്യക്ഷത്തിൽ പുതിയ ജനാധിപത്യഭരണം കൊണ്ടുവന്നിട്ടും ആളിപ്പടരുന്ന തീ, അല്ലെങ്കിൽ അന്ന് പിടിച്ചിരുന്ന ആ തീ ദിവസം കഴിയുന്തോറും രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പത്രങ്ങൾ പറയുന്നത് ഇറാഖിൽ ആഭ്യന്തര യുദ്ധമുണ്ടാകാൻ പോകുന്നുവെന്നാണ്. ഇന്നലേയും ഭയങ്കരമായ ഒരു ആക്രമണമുണ്ടായി. ആരൊക്കെയോ അവിടെ ഒളിച്ചിരിപ്പുണ്ട് എന്നു പറഞ്ഞുകൊണ്ടാണ് ആക്രമണം നടത്തിയത്. അവരേയും അവരുടെ കൈയിലുള്ള ആയുധങ്ങളേയും നശിപ്പിക്കേണ്ടത് അത്യാവശ്യമായിരുന്നത്രെ! എന്തായാലും അന്നുകൊളുത്തിയ ആ തീ ഇന്നും ആളിക്കത്തിക്കൊണ്ടിരിക്കുകയാണ്. അത് വർദ്ധിച്ചുകൊണ്ടേപോകുകയാണ്. ഇക്കാരണത്താൽ ഓരോ അഹ്മദിയുടേയും ഹൃദയം തീർച്ചയായും ദുഃഖിക്കുന്നുണ്ട്. കാരണം മുസ്ലിംകളുടെ, നബി(സ) തിരുമേനിയെ വിശ്വസിക്കുന്നുവെന്ന് പറയുന്നവരുടെ ഈ അവസ്ഥ അങ്ങേയറ്റം വിഷമിപ്പിക്കുന്ന ഒന്നാണ്. അതുകൊണ്ട് അങ്ങേയറ്റം വേദനയോടെ മുസ്ലിം ഉമ്മത്തിന് അഥവാ സമുദായത്തിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരെ പരസ്പരമുള്ള ശത്രുതയിൽനിന്നും പുറത്തുനിന്നുള്ള ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. മുസ്ലിംകളുടെ നേതൃത്വം അല്ലാഹു നിസ്വാർത്ഥരും ബോധവാന്മാരുമായവരുടെ കൈയിൽ കൊടുക്കുമാറാകട്ടെ.

മുസ്ലിം നേതൃത്വസ്ഥാനത്ത് ഇതുവരെ വന്നിട്ടുള്ളവരിൽ വളരെ ചുരുക്കം പേരൊഴികെ എല്ലാവരും തങ്ങളുടെ സ്വന്തം കാര്യങ്ങൾക്ക് മുൻഗണന നല്കിക്കൊണ്ടിരുന്നവരാണ്. രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചവരെ അകത്തുനിന്നും പുറത്തുനിന്നുമുള്ള ഗൂഢാലോചനകൾ പരാജയപ്പെടുത്തി. കഴിഞ്ഞദിവസം ഒരു അമേരിക്കക്കാരന്റെ ഗ്രന്ഥം കാണാനിടയായി. അദ്ദേഹം തന്റെ നാടിന്റെ ഭരണതന്ത്രത്തെക്കുറിച്ച് ചുരുങ്ങിയനിലയിൽ അതിൽ പ്രതിപാദിച്ചിരിക്കുന്നു. മറ്റു രാജ്യങ്ങളിലെ അവരുടെ പ്രവർത്തനത്തെക്കുറിച്ചും അതിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹവും ആ സംഘടനകളിൽ ഒരു കാലംവരെ പ്രവർത്തിച്ചിരുന്ന ആളാണ്. മുമ്പേയും അവർ ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. ഇപ്പോൾ പുതിയൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നു. വിവിധ കമ്പനികൾ മുഖേന ഇവർ മൂന്നാംകിട രാഷ്ട്രങ്ങളെ തങ്ങളുടെ കീഴിൽ കൊണ്ടുവരികയും പിന്നീട് എന്നെന്നേക്കുമായി ആ രാഷ്ട്രങ്ങളെ തങ്ങളുടെ കീഴിൽ വയ്ക്കുകയും ചെയ്യുന്നു. അതനുസരിച്ച് വിവിധ സംഘടനകൾ മുഖേന ഈ ദരിദ്രരാഷ്ട്രങ്ങൾക്ക് അല്ലെങ്കിൽ വികസ്വരരാഷ്ട്രങ്ങൾക്ക് വ്യവസായങ്ങളും മറ്റും തുടങ്ങുന്നതിനായി സാമ്പത്തിക

സഹായം നല്കുന്നു. നൂറ് ഡോളര്‍ സഹായിക്കുകയാണെങ്കില്‍ വെറും മൂന്ന് ഡോളര്‍ മാത്രമേ ആ ജനതയ്ക്കുവേണ്ടി ചെലവഴിക്കപ്പെടുന്നുള്ളൂ.

അദ്ദേഹം എഴുതുന്നു, അറേബ്യന്‍ രാഷ്ട്രങ്ങള്‍ക്കും ഇറാന്‍ തുടങ്ങിയ രാഷ്ട്രങ്ങള്‍ക്കും തങ്ങളുടെ പക്കല്‍ പ്രത്യേക പ്രാധാന്യമുണ്ട്. അതായത് അമേരിക്കയുടെ പക്കല്‍- അല്ലെങ്കില്‍ പാശ്ചാത്യ രാഷ്ട്രങ്ങളുടെ പക്കല്‍. അതുകൊണ്ട് അവരെ തങ്ങളുടെ മേല്‍നോട്ടത്തില്‍ വയ്ക്കേണ്ടത് അങ്ങേയറ്റം അത്യാവശ്യമാണ്. എണ്ണപ്പാടങ്ങളും അതിനു പുറമെ ദജ്‌ലാ ഫറാത്ത് എന്നീ നദികളും കാരണത്താല്‍ ഇറാക്കിന് വളരെ പ്രാധാന്യമുണ്ടെന്ന് ആ ഗ്രന്ഥത്തില്‍ പറയുന്നു. ചില കണക്കുകളനുസരിച്ച്- അതായത്, അവര്‍ തയ്യാറാക്കിയിരിക്കുന്ന കണക്കനുസരിച്ച് ഇറാഖില്‍ സഊദി അറേബ്യയേക്കാള്‍ കൂടുതല്‍ എണ്ണപാടങ്ങളുണ്ട്. ഇതു കൂടാതെയും വളരെയധികം പ്രാധാന്യമുണ്ട്. അതുകൊണ്ട് ആ രാഷ്ട്രത്തെ അവഗണിക്കാന്‍ പറ്റുകയില്ല.

പ്രസ്തുത ഗ്രന്ഥത്തില്‍ എല്ലാ കാര്യങ്ങളും എഴുതിയിട്ടുണ്ട്. ചിലയാളുകള്‍ ധരിക്കുന്നത് ഇത് തെറ്റാണെന്നാണ്. പക്ഷേ, ഇന്നത്തെ ഈ അവസ്ഥ കാണുമ്പോള്‍ അതില്‍ പറഞ്ഞിരിക്കുന്നതെല്ലാം ശരിയാണെന്ന് മനസ്സിലാകുന്നു. ഞാന്‍ പറഞ്ഞതുപോലെ 10, 12 വര്‍ഷം മുമ്പേ ഹസ്റത്ത് ഖലീഫത്തുല്‍ മസീഹ് റാബിഅ്(റഹ്) തന്റെ ഖുത്ബകളില്‍ വിവരിച്ചിട്ടുള്ള കാര്യങ്ങളാണ് മിക്കതും ഈ ഗ്രന്ഥത്തില്‍ പറഞ്ഞിട്ടുള്ളത്. അക്കാലത്തെ വാര്‍ത്തകളുടെ കണക്കനുസരിച്ച് അതായത്, ആദ്യമായി 1991-ല്‍ ഇറാഖിന്റെ മേല്‍ ആക്രമണം നടത്തിയപ്പോള്‍ പാശ്ചാത്യനേതാക്കള്‍ പറഞ്ഞത് തങ്ങള്‍ക്ക് ഇറാഖിന്റെ എണ്ണയില്‍ ഒരു താല്‍പര്യവുമില്ലെന്നാണ്. ലോകത്ത് സമാധാനം സ്ഥാപിക്കുകയാണ് തങ്ങളുടെ താല്പര്യമെന്ന് അന്ന് അവര്‍ പറഞ്ഞു. അതുകൊണ്ട്, ലോകസമാധാനത്തിന് ഭംഗം വരുത്തുന്ന രാഷ്ട്രങ്ങളെ ശിക്ഷിക്കേണ്ടത് നിര്‍ബന്ധമാണ്. നോക്കുക, ആ ശിക്ഷ എത്ര കഠിനതരമാണ്. എത്ര ദീര്‍ഘമാണ്. 16, 17 വര്‍ഷമായിട്ട് ശിക്ഷ കൊടുത്തുകൊണ്ടേയിരിക്കുന്നു. തങ്ങളുടെ പ്രശ്നങ്ങള്‍ സ്വയം പരിഹരിക്കുന്നതിനു പകരം, ഈ പാശ്ചാത്യരാഷ്ട്രങ്ങളുടെ കൈയില്‍ തങ്ങളെ കൊണ്ടുകൊടുക്കുന്നത് മുസ്‌ലിംകളുടെ നിര്‍ഭാഗ്യതയാണ്. ഇറാഖി എണ്ണയോടു ഇവര്‍ക്ക് താല്‍പര്യമുണ്ടായിരുന്നോ ഇല്ലേ എന്ന കാര്യം ഈ ഗ്രന്ഥത്തില്‍ തുറന്നുപറഞ്ഞിട്ടുണ്ട്. ഇറാനോടും ഇവര്‍ക്കുള്ള താല്‍പര്യവും ഇതുതന്നെയാണ്. പാശ്ചാത്യരാഷ്ട്രങ്ങളുടെ നിര്‍ദ്ദേശം പാലിക്കാത്ത കാരണത്താല്‍ അവരുടെമേല്‍ നടപടി സ്വീകരിക്കാനുള്ള ആലോചനയും തുടങ്ങിക്കഴിഞ്ഞു. ഇറാനില്‍ സുദീര്‍ഘകാലമായി നടന്നുവരുന്ന ഭരണം അവസാനിപ്പിച്ച് തങ്ങളുടെ ചൊല്പടിക്കു നില്ക്കുന്ന ജനാധിപത്യ ഭരണം കൊണ്ടുവരാനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരികയാണ്. ഞാന്‍ പറഞ്ഞ ഗ്രന്ഥത്തില്‍ ഇക്കാര്യവും പറഞ്ഞിട്ടുണ്ട്. 1991-92-ല്‍ ഇറാന്‍ പ്രധാനമന്ത്രി ഒരു പാശ്ചാത്യകമ്പനിയ്ക്കെതിരെ നടപടി എടുത്തിരുന്നു. പാശ്ചാത്യശക്തികളുടെ ഗൂഢാലോചനയുടെ ഫലമായി ഇറാന്‍ പ്രധാനമന്ത്രിക്കെതിരെ അന്ന് ജാഥയും പൊതുയോഗവും സംഘടിപ്പിക്കപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ ഭരണം അവസാനിച്ചു. പിന്നീട് ഇറാനിലെ രാജാവ് മുഖേന തങ്ങള്‍ ഉദ്ദേശിച്ചതുപോലെ ഈ പാശ്ചാത്യശക്തി പ്രവര്‍ത്തനം നടത്തി. അമേരിക്ക ഇറാന്റെ ആണവ പദ്ധതിയുടെമേല്‍ നിയന്ത്രണം നടത്താനാഗ്രഹിക്കുന്നുവെന്ന വാര്‍ത്ത കഴിഞ്ഞദിനങ്ങളില്‍ പത്രങ്ങളില്‍ വരികയുണ്ടായി. ഇറാന്‍ തങ്ങള്‍ പറയുന്ന കാര്യങ്ങള്‍ അംഗീകരിച്ചില്ലെങ്കില്‍, ഇറാനിജനതയെ, ഇറാന്‍ നേതാക്കന്മാര്‍ക്കെതിരെ അണിനിരത്തുന്നതാണ്. അതായത്, രാജ്യത്തെ പൊതുജനങ്ങളെ സര്‍ക്കാരിനെതിരെ ഇളക്കിവിടുക. പിന്നീട് നിരോധനങ്ങളും ഏര്‍പ്പെടുത്തും. ഇറാനിലാണെങ്കിലും ഇറാഖിലാണെങ്കിലും മറ്റേതെങ്കിലും ഇസ്‌ലാമിക രാജ്യത്തിലാണെങ്കിലും ഇതെല്ലാം വിളിച്ചോതുന്നത് ഇസ്‌ലാമിക ലോകത്തിന് വിരുദ്ധമായിട്ടാണ് ഈ നടപടികള്‍ നടന്നുകൊണ്ടിരിക്കുന്നതെന്നാണ്. ഇത് തുടര്‍ന്നുകൊണ്ടിരിക്കുന്നതുമാണ്. പ്രത്യേകിച്ച്, പ്രകൃതിപരമായി ലഭിച്ചിട്ടുള്ള ചില സ്വന്തം മാര്‍ഗ്ഗങ്ങളും, വികസിത രാജ്യങ്ങളോടൊപ്പം എഴുന്നേറ്റു നില്ക്കാന്‍ കെല്പും, തങ്ങളുടെ നയത്തിനെതിരെ എഴുന്നേറ്റു നില്ക്കാന്‍ സാധ്യതയും ഉണ്ടെന്ന് തോന്നുന്ന ഇസ്‌ലാമിക രാജ്യങ്ങള്‍ക്കെതിരെ എന്തായാലും നടപടികള്‍ ഉണ്ടാകുക തന്നെ ചെയ്യും. അതുകൊണ്ട് മുസ്‌ലിം രാഷ്ട്രങ്ങള്‍ ചിന്തിക്കേണ്ട സമയമാണിത്. ഇപ്പോഴെങ്കിലും അവര്‍ പാഠം പഠിക്കേണ്ടതാണ്. ഇന്നേയ്ക്കു പതിനാറു വര്‍ഷം മുമ്പേ ഖലീഫത്തുല്‍ മസീഹ് റാബിഅ്(റഹ്) നല്കിയ ഉപദേശങ്ങളില്‍നിന്ന് ഇവര്‍ പാഠം പഠിച്ചില്ല. അത് ഒന്നുകൂടെ എടുത്തുനോക്കുക. ഒരു രാജ്യം ചാരക്കൂമ്പാരമായി മാറി. പക്ഷേ, ദൗര്‍ഭാഗ്യവശാല്‍ അവിടെത്തെ പൊതുജനങ്ങള്‍ക്ക് ഇപ്പോഴും ബുദ്ധി ഉദിക്കുന്നില്ല. സ്വാര്‍ത്ഥപരമായ നേട്ടത്തിനുവേണ്ടി തെറ്റായി നയിക്കുന്ന നേതാക്കന്മാരുടെയും,

അല്ലെങ്കിൽ ബാഹ്യശക്തികളുടെ ഇച്ഛക്കൊത്ത് പ്രവർത്തിക്കുന്നവരുടെയും കൈയിൽപെട്ട് പൊതുജനവും അവർ പറയുന്നതു കേട്ട് പരസ്പരം കഴുത്തറുക്കുന്നതിൽ വ്യാപൃതരായിക്കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞദിനങ്ങളിൽ ജനങ്ങൾ കൂട്ടത്തോടെ സന്ദർശനം നടത്തുന്ന ശവകുടീരത്തിനുമേൽ ആക്രമണമുണ്ടായി. അതിനു പുറമെയും ആക്രമണം നടന്നുകൊണ്ടിരുന്നു. സ്വന്തം ആൾക്കാരുതന്നെയാണ് ഇതിൽ മരിച്ചുകൊണ്ടിരിക്കുന്നത്. ചേരിതിരിവ് ഇക്കൂട്ടരെ അന്ധരാക്കിത്തീർത്തിരിക്കുന്നു. ഓരോ ആക്രമണത്തിലും സ്വന്തം ജനതയിലെ നിരവധിയാളുകളാണ് കൊല്ലപ്പെടുന്നത്. ഒന്നോ രണ്ടോ വിദേശപട്ടാളക്കാർ മരിക്കുന്നുണ്ടാകാം. ബാക്കി മുഴുവനും കൊല്ലപ്പെടുന്നത് സ്വന്തം ജനതയാണ്. ഇത് എവിടെത്തെ ബുദ്ധിയാണെന്ന് മനസ്സിലാകുന്നില്ല. ഇറാഖിൽ ഈയിടെയായി പ്രകടമാകുന്നത് ഏത് നീതിയാണ്. ഏത് ഇസ്ലാമാണ്. ഈ രാഷ്ട്രങ്ങളുടെ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ കാരണം, തങ്ങളുടേതായ നീതിയും ജനാധിപത്യവും നടപ്പിൽ വരുത്താൻ വന്നിരിക്കുന്ന പാശ്ചാത്യശക്തികൾ അതിൽനിന്ന് ഫലം കൊയ്യുകയാണ് ചെയ്യുന്നത്. ഓരോ ദിവസവും അവിടെ നടക്കുന്ന ചാവേർ ആക്രമണം, പാശ്ചാത്യശക്തികളെ അവിടെനിന്ന് പുറത്താക്കുന്നതിനു പകരം അവർക്കവിടെ നില്ക്കാനുള്ള അവസരമാണ് ഒരുക്കിക്കൊടുക്കുന്നത്. അവർ പറയുന്നത് തങ്ങളുടെ പരിപാടിയനുസരിച്ച്, എല്ലാം സമാധാനമാക്കിയതിനുശേഷം മടങ്ങിപ്പോകുമെന്നാണ്. എന്തായാലും ഇവർ തന്നെയാണ് അവർക്ക് നില്ക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നത്. വിദേശ സൈന്യത്തിൽ അല്പം ഭയം ഉണ്ടായിട്ടുണ്ടെന്നത് ശരിതന്നെയാണ്. പക്ഷേ, അഹങ്കാരിയായ ഭരണകൂടത്തിന് തങ്ങളുടെ പട്ടാളക്കാരിൽ ഒന്നോരണ്ടോ മരിക്കുന്നത് പ്രശ്നമല്ല. ഇറാഖിലെ യുദ്ധത്തിൽ മുഴുകിയിരിക്കുന്ന ഈ പാശ്ചാത്യരാഷ്ട്രങ്ങൾക്ക് സാമ്പത്തികമായ നേട്ടങ്ങളുണ്ട്. അതുകൊണ്ട് തങ്ങളുടെ ഇഷ്ടത്തിനൊത്ത് ചലിക്കുന്ന ഭരണം നിലനാട്ടാൻ അവർ പരിശ്രമിക്കുന്നതാണ്; ചാരക്കൂമ്പാരമായിരിക്കുന്ന ആ നാടിന്റെ പുനരധിവാസം എന്ന പേരിൽ അ നാട്ടിലെ എണ്ണസമ്പത്തുകൊണ്ട് തങ്ങളുടെ ഖജനാവ് നിറയ്ക്കുക എന്നതാണ് അവരുടെ ഉദ്ദേശ്യം. ആ പാശ്ചാത്യരാഷ്ട്രങ്ങൾ പുനരധിവാസ പ്രവർത്തനങ്ങളുടെ പേരിൽ ഇന്നേവരെ നിരവധി മില്യൻ ഡോളർ സമ്പാദിച്ചിരിക്കുന്നതായി കഴിഞ്ഞ രണ്ടുമൂന്നു ദിവസം മുമ്പേ പത്രത്തിൽ വാർത്ത വന്നിരുന്നു. അവരുടെ പണം അവരുടെമേൽ ചെലവഴിച്ച് അവരുടെമേൽ ഔദാര്യം കാണിക്കുന്നു. പുനരധിവാസ പ്രവർത്തനം എത്ര പെട്ടെന്നാണ് ഇവർ ചെയ്തത്, വെള്ളത്തിനുള്ള സൗകര്യം ഒരുക്കി, വിദ്യുച്ഛക്തിയുടെ സൗകര്യം ഒരുക്കി, റോഡുകൾ നിർമ്മിക്കുന്നു എന്നൊക്കെ പറഞ്ഞ് ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ശരിതന്നെയാണ്. ഇതെല്ലാം നിർമ്മിക്കുന്നുണ്ട്. പക്ഷേ, അതിനോടൊപ്പം സ്വന്തം ഖജനാവ് നിറയ്ക്കുകയും ചെയ്യുന്നു. ഇത് അങ്ങേയറ്റം വിഷമമുണ്ടാക്കുന്ന അവസ്ഥയാണ്. ഗൾഫ് യുദ്ധാവസരത്തിൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ചെയ്ത ഖുത്ബകളിൽ, മുസ്ലിം രാഷ്ട്രങ്ങൾ ബോധവാന്മാരാകാനും, ഞങ്ങളുടെ കാര്യം ഞങ്ങൾതന്നെ കൈകാര്യം ചെയ്തുകൊള്ളാമെന്നും ഞങ്ങളുടെ കാര്യത്തിൽ നിങ്ങൾ ഇടപെടേണ്ടതില്ലെന്നും ഈ പാശ്ചാത്യശക്തികളോട് പറയാനും പറഞ്ഞിരുന്നു. പക്ഷേ, ഈ മുസ്ലിം രാഷ്ട്രങ്ങൾ അവരുടെ സഹായിയായിനിന്നു. ഇപ്പോഴും അവരെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും മുസ്ലിം രാഷ്ട്രങ്ങൾ സംഘടിച്ചുകൊണ്ട്, പാശ്ചാത്യശക്തികൾ ഇവിടെനിന്ന് പോയാൽ, അവർ ഒന്നുചേർന്ന് സമാധാനം സ്ഥാപിച്ചുകൊള്ളാമെന്ന് പറഞ്ഞാൽ ഒരുപക്ഷേ, ഇറാഖിൽ അതിനുള്ള സാഹചര്യം ഒരുങ്ങുന്നതാണ്. മറ്റു രാഷ്ട്രങ്ങളിലും സമാധാന അന്തരീക്ഷം ഉണ്ടാകുന്നതാണ്. അഫ്ഗാനിസ്ഥാന്റെ അവസ്ഥയും ഇറാഖിലേതുപോലെതന്നയാണ്.

ഇറാനും ഈ പാശ്ചാത്യരാഷ്ട്രങ്ങളുടെ ഭയാനകമായ പിടിയിൽ വരാൻ പോകുകയാണ്. ഞാൻ പറഞ്ഞതുപോലെ ചെയ്താൽ ഒരുപക്ഷേ, ഈ രാഷ്ട്രവും രക്ഷപ്പെടും. പക്ഷേ, നിങ്ങളെല്ലാവരും സഹോദരന്മാരായി വർത്തിക്കണം. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ് എന്ന ഹദീസ് അനുസരിച്ച് പ്രവർത്തിക്കണം."***ഇന്നമൽ മുഅ്മിനൂന ഇഖ്വത്തുൻ ഫ അസ്ലിഹൂ ബയ്ന അഖവയ്ക്കും വത്തഖുല്ലാഹ ലഅല്ലക്കും തുർഹമൂൻ***" സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക; നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി (49:11)– എന്ന അല്ലാഹുവിന്റെ കല്പന മുന്നിൽവയ്ക്കുന്നവരായിത്തീരണം. ഇറാഖിനുള്ളിൽ മുസ്ലിംകൾ ഐക്യമുണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ ഒരുപക്ഷേ വിജയമുണ്ടാകും. ഇല്ലെങ്കിൽ ഈ അശാന്തിയും അഗ്നിയും ചാവേർ ആക്രമണവും ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ

കൈയാൽ വധിക്കപ്പെടുന്ന സ്ഥിതിയും എപ്പോൾ വരെ തുടർന്നുപോകുമെന്ന് അറിയുകയില്ല.

പിന്നീട് ഇറാന്റെമേലുള്ള ചില ശക്തികളുടെ കണ്ണാണ്. ഇറാൻ ആണവോർജ്ജ പരിപാടികളൊന്നും നടത്താൻ പാടില്ലെന്നാണ് പറയുന്നത്. അത് പിന്നീട് മറ്റുദ്ദേശ്യങ്ങൾക്കു വേണ്ടിയും ഉപയോഗിക്കുമത്രെ! സ്വന്താവശ്യത്തിനുവേണ്ടി എന്തും ചെയ്യാൻ പാശ്ചാത്യശക്തികൾക്ക് അവകാശമുണ്ട്. അതായത്, തങ്ങൾ തോന്നുന്നത് ചെയ്യും മറ്റുള്ളവർ അത് ചെയ്യാൻ പാടില്ല! അതുകൊണ്ട് മുസ്‌ലിം രാഷ്ട്രങ്ങൾ ഒന്നുചേർന്നുകൊണ്ട് കാര്യങ്ങൾ പരിശോധിക്കുകയും, ഇറാനു കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും, സഹോദരങ്ങളായി വർത്തിക്കുകയും തങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളാണെന്നും, മനുഷ്യത്വപരമായി പ്രവർത്തിക്കുന്നവരാണെന്നും തെറ്റായ കാര്യങ്ങൾ ചെയ്യുകയില്ലെന്നും, അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടരുതെന്നും പറയുകയും ലോകജനതയ്ക്ക് ഉറപ്പുകൊടുക്കുകയും ചെയ്യുകയാണെങ്കിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതാണ്. എന്നാൽ, ഭാവിയിൽ ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടുകയില്ലെന്ന് നിങ്ങളും കർമ്മപരമായി ഉറപ്പുനല്കേണ്ടതാണ്. നിർമ്മാണപരമായ പ്രവർത്തനങ്ങൾക്ക് അഥവാ സഹായം വേണ്ടിവന്നാൽ ഞങ്ങൾ ചോദിക്കുന്നതാണ്. സൈനിക നടപടി ഞങ്ങളുടെ രാഷ്ട്രങ്ങൾക്കെതിരെ ഉണ്ടാകാൻ പാടില്ല. ഇങ്ങനെയായാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. പക്ഷേ, നിർഭാഗ്യവശാൽ, മുസ്‌ലിം രാഷ്ട്രങ്ങൾക്ക് ഈ ശ്രമം നടത്താൻ പറ്റുകയില്ല. ഉറപ്പുകൊടുക്കാനും സാദ്ധ്യമല്ല. കാരണം, തഖ്‌വയുടെ കുറവ് കാരണത്താൽ പരസ്പരം വഞ്ചിച്ചുകൊണ്ടിരുന്നവരാണ് അവർ. വഞ്ചിച്ചുകൊണ്ടിരിക്കുന്നവരുമാണ്.

സഊദിഅറേബ്യതന്നെ ഉദാഹരണം. അതിനുള്ള തെളിവുകൾ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ഖുത്ബകളിൽ നല്കിയിരുന്നു. ഇസ്‌ലാമികലോകത്തെ എന്നും ചതിച്ചുകൊണ്ടിരുന്ന പാരമ്പര്യമാണ് ഇവർക്കുള്ളത്. ഞാൻ ഒരു അമേരിക്കക്കാരന്റെ ഗ്രന്ഥത്തെക്കുറിച്ച് പറഞ്ഞുവല്ലോ. അതിലും സഊദിഅറേബ്യ പാശ്ചാത്യശക്തികളുടേയും അമേരിക്കയുടേയും കൈയിൽനിന്ന് പുറത്തുചാടാൻ പറ്റാത്തവിധം അകപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്ന് എഴുതിയിട്ടുണ്ട്. നിലവിലുള്ള ഭരണകൂടത്തെ നിലനിർത്തുമെന്നുള്ള ഉറപ്പ് അമേരിക്ക, സഊദിഅറേബ്യക്ക് നല്കിയിട്ടുള്ളത് തങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കണമെന്ന നിബന്ധനായാലാണെന്ന് അതിൽ എഴുതിയിരിക്കുന്നു. അല്ലാഹു പറയുന്നു, തഖ്‌വ കൈക്കൊള്ളുക എന്ന്. അതാണെങ്കിൽ അവരിൽ തീർന്നുപോയിരിക്കുകയാണ്. പിന്നെങ്ങനെയാണ് അവർക്ക് സമാധാനം സ്ഥാപിക്കാൻ കഴിയുക. വാസ്തവത്തിൽ മക്കയും മദീനയും കാരണത്താൽ, ഈ കുടുംബത്തിനും സഊദിഅറേബ്യയിലെ മുസ്‌ലിംകൾക്കും തഖ്‌വയോടുകൂടി പ്രവർത്തിച്ചാൽ അവരുടെമേൽ വലിയ സ്വാധീനമുണ്ടാക്കാൻ കഴിയും. അമേരിക്കയേയും, പാശ്ചാത്യ ശക്തികളേയും ഭയപ്പെടുന്നതിനു പകരം അല്ലാഹുവിനെ ഭയപ്പെടുമെന്ന് സ്ഥാപിച്ചുകാണിക്കുക. എന്നാൽ, എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളും ഇവർ പറയുന്നത് കേൾക്കാൻ തയ്യാറാകുന്നതാണ്. പക്ഷേ, ഇവർ ദുഷ്പ്പേരുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. എത്രമാത്രമാണെന്നുവെച്ചാൽ ഇനി സദുദ്ദേശ്യത്തോടെ പരിശ്രമിക്കുകയാണെങ്കിൽതന്നെ സുഹൃത്ത്ബന്ധം സ്ഥാപിക്കാൻ വർഷങ്ങൾ പിടിക്കും. മുസ്‌ലിംകൾ വിജയിക്കുമെന്ന് അല്ലാഹു നല്കിയിട്ടുള്ള വാഗ്ദാനം, തഖ്‌വയുമായി ബന്ധപ്പെട്ടതാണ്. സ്വന്തം ഭൗതികമായ ഇന്ദ്രിയാശകൾ കൈവെടിയുന്നില്ലെങ്കിൽ, ഇപ്പോൾ കാണുന്ന ലക്ഷണങ്ങൾ വെച്ചുനോക്കുമ്പോൾ ഇറാഖിനുശേഷം, ഇറാനുമേൽ നിയന്ത്രണം ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ സംഗതി കൂടുതൽ കഠിനതരമായേക്കാനിടയുണ്ട്. ആക്രമണം നടത്തുകയില്ല എന്നാണ് പറയുന്നത്. എന്നാൽ, അത് നടക്കുമെന്ന് തോന്നുന്നില്ല. ഇനി മറ്റേതെങ്കിലും രാജ്യത്തിനുമേലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. അതിന്റെ നാശവും ഉണ്ടാകും. ഇങ്ങനെ ഓരോന്നോരോന്നായി സകല മുസ്‌ലിം രാഷ്ട്രങ്ങളും അവരുടെ നാശത്തിലേക്കായിരിക്കും ചുവടുവയ്ക്കുന്നത്. ഇല്ലെങ്കിൽ കുറഞ്ഞപക്ഷം അവരുടെ ലിസ്റ്റിലുണ്ടാകും. പ്രകൃതിപരമായി എന്തെങ്കിലും രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ ഉണ്ടെങ്കിൽത്തന്നെ, അവരുടെ സാമ്പത്തികമായ മാർഗ്ഗങ്ങളെല്ലാം ഇക്കൂട്ടരുടെ കൈയിൽ കൊണ്ടുകൊടുക്കുന്നതായിരിക്കും. ഇന്ന് ഇസ്‌ലാമികലോകം, ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

ജമാഅത്തിലെ ഖലീഫമാർ എക്കാലത്തും ഇതു സംബന്ധമായി അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചിരുന്നു. ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ) വളരെ വിശദമായിത്തന്നെ കാര്യങ്ങൾ

പറഞ്ഞുകൊടുത്തിരുന്നു. ഖലീഫത്തുൽ മസീഹ് നാലാമൻ, 17 വർഷം മുമ്പ് മനസ്സിലാക്കിക്കൊടുത്തിരുന്നു. പക്ഷേ, ഇക്കൂട്ടർ അക്കാര്യങ്ങളെല്ലാം അവഗണിച്ചുകളഞ്ഞു. അതിനൊരു പ്രാധാന്യവും നല്കിയില്ല. എന്നല്ല, ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യത്തിനോടുള്ള വിരോധം മുമ്പത്തെക്കാൾ കൂടുതൽ ആളിക്കത്താൻ തുടങ്ങി. ഇനിയും നമ്മുടെ ശബ്ദം ശ്രദ്ധിക്കാനിടയില്ല, പക്ഷേ, ഓരോ അഹ്മദിയും ദുആ ചെയ്യുന്നതിനോടൊപ്പം മുസ്‌ലിം ഉമ്മത്തിന് മനസ്സിലാക്കിക്കൊടുക്കേണ്ടതുമാണ്. സമുദായത്തിന്റെ കളഞ്ഞുപോയ അന്തസ്സ് വീണ്ടെടുക്കാൻ ഒരേയൊരു പരിഹാരമാർഗ്ഗമേയുള്ളൂ. അതായത്, തഖ്‌വയുടെ മാർഗ്ഗത്തിലൂടെ പദമൂന്നിക്കൊണ്ട് പരസ്പരം ഒന്നാകാൻ ശ്രമിക്കുക.

അറിവുള്ളവരും നേതാക്കന്മാരും യോഗം ചേരുകയും ചന്തിക്കുകയും ആലോചിക്കുകയും ചെയ്യുക. മുസ്‌ലിം സമുദായം ഒന്നാകാൻ വേണ്ടിയുള്ള ശ്രമം പലപ്പോഴുമുണ്ടായിട്ടും എന്തുകൊണ്ട് അതിന് സാധിക്കുന്നില്ല? അതിനായി ഇസ്‌ലാമിക സംഘടനയുണ്ടാക്കി. പക്ഷേ, എന്നിട്ടും ഓരോ കാര്യവും പാശ്ചാത്യശക്തികളുടെ കൈയിലാണ്. അറബികൾക്ക് ഒറ്റജനതയായി അറബികളെ സംഘടിപ്പിക്കാൻ കഴിയുന്നില്ല. വലിയ വൃത്തത്തിൽ മുസ്‌ലിം രാഷ്ട്രങ്ങൾക്ക് ഒന്നായിക്കൊണ്ട് തങ്ങളുടെ നില സ്ഥാപിക്കാനും കഴിയുന്നില്ല. ഇതിനുള്ള കാരണങ്ങൾ എന്താണ്? പല കാരണങ്ങളും മുമ്പേ വിവരിച്ചു കഴിഞ്ഞതാണ്. ഞാൻ പറഞ്ഞതുപോലെ ഖലീഫത്തുൽ മസീഹ് നാലാമൻ അത് വിശദീകരിച്ചുപറഞ്ഞിട്ടുണ്ട്. പക്ഷേ, എന്തുകൊണ്ടാണ് ആ ഭാഗത്തേക്ക് വരാൻ ഇക്കൂട്ടർ ആഗ്രഹിക്കാത്തത്. അതായത്, തഖ്‌വയുടെ മാർഗ്ഗം സ്വീകരിക്കുക എന്ന അല്ലാഹുവിന്റെ കല്പനയിലേക്ക്. ഈ വഴി ഇക്കാലഘട്ടത്തിൽ ഹസ്റത്ത് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാതെ കണ്ട് അവർക്ക് ലഭിക്കുകയില്ല. അതുകൊണ്ട് മുസ്‌ലിം സമുദായം തഖ്‌വയുടെ മാർഗ്ഗത്തിൽ ചലിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് കരുണയുണ്ടാകുമെന്നും ഇക്കാലത്തെ അതിക്രമങ്ങളിൽനിന്ന് അവരുടെ ജീവൻ രക്ഷപ്പെടുമെന്നും പറയുമ്പോൾ, അവർ വലിയവരാണെന്ന് നടിക്കുന്നതുകൊണ്ട് ഇതിലേക്കുവരാൻ അവർ ആഗ്രഹിക്കുന്നില്ല. അവർ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്ന പ്രശ്നമേയില്ല. ഈ ഭാഗത്തേക്ക് ചിന്തിക്കാനെ അവർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, ഒരു അഹ്മദിയുടെ ഉത്തരവാദിത്തമെന്ന് പറയുന്നത് അവർക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നതു മാത്രമല്ല. മറിച്ച്, അതിനോടൊപ്പം ഇക്കാലത്ത് ഇമാമിനെ വിശ്വസിക്കാതെ നിങ്ങളുടെ ശക്തി സ്ഥാപിതമാകുകയില്ലെന്നും, നിങ്ങളുടെ ഉള്ളിൽ തഖ്‌വ ഉണ്ടാകുകയില്ലെന്നും അവരോട് പറയുകയും വേണം. ഓരോ രാഷ്ട്രങ്ങളിലും കക്ഷിപ്പോരുകളാണ്. പിന്നെ ഓരോ രാഷ്ട്രങ്ങളും ഈ ചേരിതിരിവ് കാരണം പരസ്പരം ഭയപ്പെടുന്നു.

ഇപ്പോൾ കുട്ടികളെ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള പുസ്തകത്തിൽ, ഹസ്റത്ത് ഈസാനബി(അ)നെ വിശ്വസിക്കുന്നവർക്ക് നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരുടെമേൽ കഥാരൂപത്തിൽ ശ്രേഷ്ഠത പ്രകടിപ്പിച്ചിരിക്കുന്നു. ഇതിന്റെ അവസാനഫലം, മുസ്‌ലിം കുട്ടി നിരാശനായി ക്രിസ്തുമതത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നു എന്നതായിരിക്കും. ഇക്കാലത്ത് ഇംഗ്ലീഷ് ഭാഷ ലോകകാര്യങ്ങൾ മനസ്സിലാക്കാൻ നിർബന്ധമാണെന്ന് കരുതപ്പെടുന്നു. അതുകൊണ്ട് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുക എന്ന വ്യാജേന ഇത്തരം കഥകൾ കുട്ടികളെ പരിചയപ്പെടുത്തിക്കൊടുക്കുന്നു. ഇതും അവരുടെ ദീർഘകാലത്തെ ഒരു പദ്ധതിയാണ്. ക്രിസ്തുമതം മതത്തിന്റെ അടിസ്ഥാനത്തിൽ ഈ രാഷ്ട്രങ്ങളിൽ മെല്ലെ മെല്ലെ അവസാനിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങൾക്കു മതവുമായി ബന്ധമൊന്നുമില്ല. പേരിനു മാത്രമാണ് ക്രിസ്തുമതത്തിൽ നില്ക്കുന്നത്. മതമനുസരിച്ചുള്ള കർമ്മങ്ങളൊന്നുമില്ല. അവരുടെ അഭിപ്രായത്തിൽ ഈ രീതിയിൽ പോയാൽ അതായത്, കുട്ടികളെ ഈ രീതിയിൽ മാറ്റിയെടുത്താൽ കുറച്ച് തലമുറയ്ക്കുശേഷം ഇസ്‌ലാമിക കർമ്മങ്ങളനുസരിച്ച് നടക്കുന്നവരായി ആരും തന്നെ ഉണ്ടാകുകയില്ല. അങ്ങനെ ഈ എണ്ണ ഉല്പാദിക്കുന്ന അല്ലെങ്കിൽ പ്രകൃത്യാ സാമ്പത്തികശേഷിയുള്ള ഈ രാഷ്ട്രങ്ങൾ, ഒരപകടവും കൂടാതെ തങ്ങളുടെ കീഴിൽ വരുമെന്ന് അവർ കരുതുന്നു.

അറബ് ലോകത്ത് ഈയിടെയായി പാതിരിമാർ ഇസ്‌ലാമിന്റെമേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. തങ്ങൾ വലിയ പണ്ഡിതന്മാരായി മനസ്സിലാക്കുന്ന മിസ്റിലെ ഉലമാക്കൾപോലും അവർക്ക് മറുപടി പറയുന്നില്ല. കേട്ടത്, മറുപടി കൊടുക്കേണ്ട എന്ന നയമാണ് അവർക്കുള്ളതെന്നാണ്. ഇതാണ് ഇവരുടെ അവസ്ഥ. ഇന്ന് ആർക്കെങ്കിലും ഇതിനു മറുപടി പറയാൻ തന്റേടമുണ്ടെങ്കിൽ അത് അഹ്മ

ദിയ്യാ ജമാഅത്തിനു മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അറബ്ലോകത്ത് എം.ടി.എ മുഖേന മുസ്തഫാ സാബിഖ് സാഹിബിന്റെ പരിപാടി സംപ്രേഷണം ചെയ്തുവരുന്നു. ഇത് വളരെ വലിയ സ്വാധീനമാണുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഒരുപാടാളുകൾ ഈ പരിപാടിയെ അനുമോദിച്ചിട്ടുണ്ട്.

ഈവക കാര്യങ്ങൾ, അതായത് എങ്ങനെ രാഷ്ട്രങ്ങളെ കീഴ്പ്പെടുത്തണം, എങ്ങനെ മറ്റുള്ളവരെ മതത്തിലേക്കു കൊണ്ടുവരണം തുടങ്ങിയ കാര്യങ്ങൾ പാശ്ചാത്യരിൽനിന്നുള്ള ആളുകളിൽനിന്നു തന്നെ ഇടയ്ക്കിടെ വെളിയിൽ വരാറുണ്ട്. കച്ചവടത്തിലൂടെയും, ഭരണകൂടങ്ങളെ ഭിന്നിപ്പിച്ചുമൊക്കെ അവർ കാര്യം കാണും. ദൗർഭാഗ്യവശാൽ മുസ്ലിംകൾ വളരെ പെട്ടെന്നാണ് ഈ പൊട്ടിത്തെറികളിൽ പങ്കെടുക്കുന്നത്. അംഗീകരിക്കാത്ത രാഷ്ട്രങ്ങളുടെ മേൽ അവർ ശക്തിയിലൂടെയും ആക്രമണം നടത്തുന്നു.

ഇസ്ലാമിന്റെമേൽ ആക്രമണം നടത്താനുള്ള പ്രവർത്തനം ഞാൻ പറഞ്ഞരീതിയിൽ ധിറുതിയിലാണ് നടന്നുവരുന്നത്. അതായത്, ക്രിസ്തുമതത്തിന്റെ സവിശേഷഗുണങ്ങൾ വിവരിക്കുക; മുസ്ലിംകളിൽ ഇസ്ലാമിനെ കുറിച്ച് തെറ്റുദ്ധാരണ വളർത്തുക. ക്രിസ്തുമതത്തിന്റെ സവിശേഷഗുണത്തെക്കുറിച്ച് അവർക്ക് നന്നായിട്ടറിയാം. അത് വിവരിക്കുകയാണെങ്കിൽ മറുപടി പറയാൻ അവർക്ക് കഴിയുകയില്ല. കാരണം ഇക്കാലത്ത്, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കലല്ലാതെ മറ്റാരുടെ കയ്യിലും അതിന് മറുപടിയില്ല. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ പരിപാടികൾ വളരെ വിജയകരമായി നടന്നുവരുന്നു. ഏതൊക്കെ രീതിയിൽ ഇവരുടെമേൽ ആക്രമണം നടന്നുകൊണ്ടിരിക്കുന്നുവെന്നും എങ്ങനെ ഇസ്ലാമിനും ഇസ്ലാമിക രാഷ്ട്രങ്ങൾക്കും നഷ്ടം വരുത്തിവയ്ക്കുന്നുവെന്നും ചിന്തിക്കാനുള്ള കഴിവുപോലും മുസ്ലിംകൾക്കില്ലാതായിരിക്കുകയാണ്. ഇവരുടെ ഈ ബുദ്ധി നശിച്ചുപോകേണ്ടതുതന്നെയായിരുന്നു. കാരണം ഇക്കാലഘട്ടത്തിൽ നബി (സ)യുടെ പ്രവചനമനുസരിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാതെ ഇതിന് മറുപടി ലഭിക്കുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ടുമാത്രമേ ലോകത്ത് ഇസ്ലാം പുനരുജ്ജീവിക്കുകയുള്ളൂ. കാരണം അല്ലാഹു, നബി (സ)ന്റെ കാലഘട്ടത്തിൽ അവിടന്ന് മുഖേന ജനങ്ങളെ പരിശുദ്ധരാക്കിയോ ശരീഅത്തിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരാക്കിയോ യുക്തിയുടെ കാര്യങ്ങൾ മനസ്സിലാക്കുന്നവരാക്കിയോ ഒരൊറ്റ ജനതയാക്കിക്കൊണ്ട് അവരെ ശക്തമാക്കിയോ അതുപോലെ ഇന്നും നബി(സ) പറഞ്ഞതുപോലെ അതെല്ലാം ഹസ്റത്ത് വാഗ്ദത്ത മസീഹ് മുഖേനയാണ് സ്ഥാപിതമാകേണ്ടത്. കാരണം പ്രവചനമനുസരിച്ച് ആയിരം വർഷങ്ങൾക്കുശേഷം മസീഹ് മഹ്ദിയുടെ വെളിപെടൽ ഉണ്ടാകണമായിരുന്നു. അതിനുശേഷം ഈ അറിവും യുക്തിയും ഒന്നും സ്വയം ജനഹൃദയങ്ങളിൽ കുടിയേറുകയില്ല. മറിച്ച്, മസീഹ് മൗഊദിനെ വിശ്വസിക്കുന്നവരാണ് അതിൽനിന്ന് ഫലമെടുക്കേണ്ടത്.

ഇപ്പോൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഈ തഖ്വയും ഈ അറിവും യുക്തിയും ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേനതന്നെ നിലനാട്ടപ്പെടേണ്ടതാണ്. അതിനോടൊപ്പം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവർ തന്നെയാണ് ഇസ്ലാമിന്റെ വിജയം നിലനാട്ടേണ്ടതും. ഇൻശാഅല്ലാഹ്. അല്ലാഹു പറയുന്നു. ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം വഹുവൽ അസീസുൽ ഹക്കീം.*** മുഹമ്മദീ മസീഹ് മുഖേന ആ പരിശുദ്ധനബിയുടെ സമുദായവുമായി ബന്ധിക്കപ്പെട്ട ഇക്കൂട്ടർ തന്നെയാണ് ആ കളഞ്ഞുപോയ ജ്ഞാനത്തിന്റേയും ബുദ്ധിസാമർത്ഥ്യത്തിന്റേയും കാര്യങ്ങൾ വീണ്ടും ലോകത്ത് നടത്തേണ്ടവർ. ഇവർ തന്നെയാണ് തഖ്വയുടെ പാഠങ്ങൾ ലോകത്തിന് കൊടുക്കേണ്ടത്. ഇത് യുക്തിയുക്തം പ്രവർത്തിക്കുന്നവനും പ്രതാപവാനുമായ അല്ലാഹുവിന്റെ തീരുമാനമാണ്, വിധിയാണ്.

അതുകൊണ്ട് ഈ വിജയവും ഈ ജ്ഞാനവും തന്ത്രങ്ങൾകൊണ്ടോ സൂത്രങ്ങൾകൊണ്ടോ ലഭിക്കുകയില്ല. മറിച്ച്, തഖ്വയിലൂടെ പദമൂന്നിക്കൊണ്ടു മാത്രമേ ലഭിക്കുകയുള്ളൂ. അതിനുവേണ്ടി അല്ലാഹു തന്റെ പ്രതിനിധി മുഖേന നല്കിയിരിക്കുന്ന കല്പനകളുണ്ട്. ആ പ്രതിനിധി, നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിൽ തന്നെ ലയിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ച ആളായിത്തീർന്നിരിക്കുകയാണ്. അദ്ദേഹം മുഖേന മാത്രമേ ഇസ്ലാമിന്റെ വിജയം ഉണ്ടാകുകയുള്ളൂ. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ മുസ്ലിംകളെ തബ്ലീഗ് ചെയ്യേണ്ട ആവശ്യമുണ്ട്. അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കേണ്ട ആവശ്യമുണ്ട്. ഇല്ലെങ്കിൽ, ഇവർ എത്ര തന്ത്രങ്ങളും സൂത്രങ്ങളും കാണിച്ചാലും, ജാഥ നടത്തിയാലും സമ്മേളനങ്ങൾ സംഘടിപ്പി

ച്ചാലും ഈ ജനതയുടെ കളവിന്റെ മുമ്പിൽ അവരുടെ ഒരു പ്രവർത്തനവും വിജയിക്കുകയില്ല. അതിനുവേണ്ടി അഹ്മദികൾ ധാരാളം ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. ഉമ്മത്തിനുവേണ്ടി ദുആ ചെയ്യുക എന്നത് എല്ലാ ദുആകളേക്കാളും ശ്രേഷ്ഠകരമാണ്. കാരണം ഇപ്പോൾ ഇവർ വലിയ അപകടത്തിൽ പെട്ടിരിക്കുകയാണ്. സിറിയയുടെമേൽ കഠിനതരമായ ദിനങ്ങൾ വരാൻപോകുന്നുവെന്നായിരുന്നു വാർത്ത. എന്നാൽ, അത് പിന്നീട് മാറിപ്പോയി. എന്തെങ്കിലും നിബന്ധന അവർ അംഗീകരിച്ചിട്ടുണ്ടാകും. പക്ഷേ, അപകടമെന്തായാലും നിലനില്ക്കുകയാണ്. ഇപ്പോൾ ഇറാനു ചുറ്റും വലയം സൃഷ്ടിച്ചിരിക്കുന്നു. മെല്ലെ മെല്ലെ ആ വലയത്തിന്റെ വൃത്തം കുറച്ചുകൊണ്ടു വരികയാണ്. കർശനമായ ഈ നീക്കം ലോകയുദ്ധത്തിനും കാരണമാകാനിടയുണ്ട്. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യേണ്ടതാണ്. ഒരഹ്മദി തന്റെ അന്ത്യശ്വാസം വരെ ഈ നാശം അകന്നുപോകുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. നമ്മുടെ പക്കൽ ഇതുകൂടാതെ മറ്റൊരു വസ്തുവുമില്ല. ദുആ ചെയ്യുക എന്നതാണ് ഏറ്റവും വലിയ മാർഗ്ഗം. അല്ലാഹുതആല ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് മുസ്‌ലിം സമുദായത്തിനുവേണ്ടി ദുആ ചെയ്യാൻ വെളിപാടിലൂടെ അറിയിക്കുകയുണ്ടായി.

***റബ്ബി അസ്‌ലിഹ് ഉമ്മത്ത മുഹമ്മദിൻ***. എന്റെ നാഥാ! മുഹമ്മദ് നബി(സ)യുടെ സമുദായത്തെ നീ നന്നാക്കിത്തീർത്താലും. അതുകൊണ്ട് ഇവരുടെ പരിഷ്കരണത്തിന് ഒരുപാട് പ്രാർത്ഥന ആവശ്യമാണ്. പരിഷ്കരണം ഒരൊറ്റ മാർഗ്ഗത്തിലൂടെ മാത്രമേ നടക്കുകയുള്ളൂ. അത് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുക എന്നതാണ്; ഭൗമികവും ആകാശീയവുമായ നാശങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി. ഇതല്ലാത്ത ഒരു പരിഷ്കരണശ്രമവും വിജയിക്കുകയില്ല. കാലത്തിന്റെ ഇമാമിൽനിന്നകന്നുകൊണ്ട് വ്യക്തിപരമായും സാമൂഹികപരമായും എന്ത് ചെയ്താലും ആരേയും രക്ഷിക്കാൻ സാധ്യമല്ല. വ്യക്തിപരമായ ശ്രമംകൊണ്ട് തഖ്‌വയിൽ നില്ക്കാനും സാധ്യമല്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "നിങ്ങളുടെ ഈ പരിഷ്കരണം നിങ്ങളെ എവിടംവരെ കൊണ്ടെത്തിക്കും. ഇതിൽനിന്ന് എന്തെങ്കിലും നേട്ടമുണ്ടാകുമെന്ന് ധരിക്കുന്നത് ഭയാനകമായ അബദ്ധമാണ്. പരിഷ്കരണത്തിനായി അല്ലാഹു നബിമാരെ അയക്കുന്ന സുന്നത്താണ് വെച്ചിട്ടുള്ളതെന്ന് നിങ്ങൾ കാണുന്നില്ലേ? നബിമാർ വരുമ്പോൾ ലോകത്ത് പ്രത്യക്ഷത്തിൽ ഒരു വൻകുഴപ്പം ഉണ്ടാകുന്നതായി കാണുന്നു. സഹോദരൻ സഹോദരനിൽ നിന്നും പിതാവ് പുത്രനിൽനിന്നും അകലുന്നു. ആയിരക്കണക്കിന് ജീവൻ നഷ്ടപ്പെട്ടുപോകുന്നു. ഹസ്റത്ത് നൂഹ് നബി(അ)യുടെ കാലത്ത് പ്രളയത്താൽ അദ്ദേഹത്തിന്റെ ജനതയെ അല്ലാഹു നശിപ്പിച്ചു. മൂസാനബി(അ)യുടെ കാലത്ത് മറ്റുപല നാശങ്ങളും സംഭവിച്ചു. ഫിർഔന്റെ സൈന്യത്തെ വെള്ളത്തിൽ മുക്കിക്കൊന്നു. ചുരുക്കിപ്പറഞ്ഞാൽ, നല്ലവണ്ണം ഓർത്തുകൊള്ളുക മനസ്സുകളുടെ പരിവർത്തനം മനസ്സുകളെ സൃഷ്ടിച്ചവന്റെ പ്രവൃത്തിയാണ്. വെറും വാചക കസർത്തുകൾ പരിഷ്കരണമുണ്ടാക്കുകയില്ല. പ്രത്യുത, ആ വാചകങ്ങൾക്കുള്ളിൽ ഒരു റൂഹ് അഥവാ ചൈതന്യമുണ്ടാകേണ്ടതാണ്. വിശുദ്ധഖുർആൻ വായിച്ചിട്ടുള്ളവൻ ഹിദായത്ത് അഥവാ സന്മാർഗ്ഗം ആകാശത്തുനിന്നാണ് വരുന്നതെന്നുപോലും മനസ്സിലാക്കിയിട്ടില്ലെങ്കിൽ പിന്നെന്താണ് അയാൾ മനസ്സിലാക്കിയത്."

അതുകൊണ്ട് മുസ്‌ലിംകൾ ചിന്തിക്കേണ്ടതാണ്. ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കുള്ള സകല കല്പനകളും സുവിശേഷങ്ങളും വിശുദ്ധഖുർആനിലുണ്ടെന്ന് നാം അവർക്ക് പറഞ്ഞുകൊടുക്കണം. ദൈവം ഇച്ഛിച്ചാൽ ഇസ്‌ലാം വിജയിക്കേണ്ടതുതന്നെയാണ്. അത് വിധിക്കപ്പെട്ടതാണ്. അത് നമ്മുടെ വിശ്വാസമാണ്. പക്ഷേ, കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാത്തതുകൊണ്ട് രാഷ്ട്രങ്ങളും സമ്പത്തുമൊക്കെയുണ്ടായിട്ടും മുസ്‌ലിംകളുടെ അവസ്ഥ വളരെ മോശമായിക്കൊണ്ടിരിക്കുന്നു. ഇതിന് കാരണമെന്താണ്? അതിന്റെ കാരണം ഞാൻ നടേ പറഞ്ഞതുപോലെ കാലത്തിന്റെ ഇമാമിനെ നിഷേധിച്ചതാണ്. ഈ നിഷേധം കാരണത്താൽ തഖ്‌വയുടെ വഴിയും നഷ്ടപ്പെട്ടുപോയി. തഖ്‌വയുടെ വഴി നഷ്ടപ്പെട്ടാൽ പരിഷ്കരണശ്രമവും ഇരുട്ടിൽ കൈയിട്ടടിക്കുന്നതുപോലെയായിരിക്കും. വിവേകത്തോടുകൂടി പ്രവർത്തിക്കാൻ അല്ലാഹു മുസ്‌ലിംകളെ അനുഗ്രഹിക്കുമാറാകട്ടെ. അവർ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരായി തീരട്ടെ. ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കുന്നവരായി തീരട്ടെ; തഖ്‌വയുടെ വഴിയിലൂടെ പദമൂന്നിക്കൊണ്ട് തങ്ങളുടെ ആഭ്യന്തരമായ പ്രശ്നങ്ങളിൽനിന്നും പുറത്തുനിന്നുള്ള ആക്രമണങ്ങളിൽനിന്നും സുരക്ഷിതരായിരിക്കാൻ വേണ്ടി.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനം മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. വെറും

മുസ്‌ലിംകൾക്കുവേണ്ടിയല്ല. അതുകൊണ്ട് അമുസ്‌ലിംകൾക്കുവേണ്ടിയും നാം പ്രാർത്ഥിക്കേണ്ടതാണ്. ഈ സമ്പന്നരാഷ്ട്രം ദരിദ്രരാഷ്ട്രങ്ങളിൽനിന്ന് നേട്ടങ്ങൾ കൊയ്യുന്നതിനുവേണ്ടി തങ്ങളുടെ കീഴിൽ അവരെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത് അക്രമമാണ്. അക്രമികളേയും സഹായിക്കണമെന്ന് തിരുനബി വചനത്തിൽ പറഞ്ഞിരിക്കുന്നു. അക്രമികളെ സഹായിക്കുന്നത് അവരുടെ കൈകൾ തടഞ്ഞുകൊണ്ടാണ്. കൈകൊണ്ട് അവരെ തടയാൻ നമുക്ക് സാദ്ധ്യമല്ല. അതിനുള്ള ഒരു മാർഗ്ഗം പ്രാർത്ഥനയാണ്. പ്രാർത്ഥനയുടെ ഉഗ്രമായ ശക്തി നമ്മുടെ കൈയിലുണ്ട്. ഇത് വലിയൊരു ആയുധമാണ്. ഇത് നാം പ്രയോഗിക്കേണ്ടതാണ്. കഴിയുന്നിടത്തോളം ഉപയോഗിക്കേണ്ടതുമാണ്. സകല മനുഷ്യർക്കുവേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്. ബന്ധങ്ങളിലൂടെയും പ്രബോധനങ്ങളിലൂടെയും ഇവരോട് പറയുക, നിങ്ങൾ പോകുന്ന വഴി അല്ലെങ്കിൽ നിങ്ങളുടെ ഭരണകർത്താക്കൾ നിങ്ങളെ കൊണ്ടുപോകുന്ന വഴി നാശത്തിന്റെ വഴിയാണ്. നാശങ്ങൾ വിതയ്ക്കുന്നതിനുവേണ്ടി എത്ര ചെലവഴിക്കുന്നുവോ, അത് ദരിദ്രരാഷ്ട്രങ്ങളെ അവരുടെ സ്വന്തം കാലിൽ നിർത്താനും ഐക്യത്തിനും വേണ്ടി ചെലവഴിക്കുകയാണെങ്കിൽ, നിങ്ങളുടെ ഉദ്ദേശ്യം ശരിയാണെങ്കിൽ യഥാർത്ഥത്തിൽ നിങ്ങൾ വാദിക്കുന്നതുപോലെ ലോകത്ത് സമാധാനം സ്ഥാപിക്കാനാഗ്രഹിക്കുന്നുവെങ്കിൽ അതിന്റെ പകുതി ചെലവുകൊണ്ട് നിങ്ങളുടെ ലക്ഷ്യം നേടാൻ നിങ്ങൾക്ക് കഴിയും. സമാധാനസമ്മേളനങ്ങൾ വ്യക്തിഗതമായ നേട്ടത്തിനുവേണ്ടിയാകരുത്. മറിച്ച്, ജനങ്ങളുടെ പരിഷ്കരണത്തിനുവേണ്ടിയായിരിക്കണം. യഥാർത്ഥ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടിയായിരിക്കണം.

ഇവർക്ക് ബുദ്ധിയുണ്ടാകാൻ അല്ലാഹു ഇവരെ തുണയ്ക്കട്ടെ. ഈ രാഷ്ട്രങ്ങളുടെ പൊതുജനങ്ങളിൽ, തങ്ങളുടെ രാഷ്ട്രീയനേതാക്കന്മാരേയും ഭരണകർത്താക്കളേയും ഈ അക്രമങ്ങളിൽനിന്ന് തടയാനും ചെറിയ രാഷ്ട്രങ്ങളോടും അവികസിത രാഷ്ട്രങ്ങളോടും ഇവർ കാണിക്കുന്ന അതിക്രമങ്ങളെ വിലക്കാനുമുള്ള ബോധം ഉണ്ടാകുമാറാകട്ടെ.

സമാധാനം സ്ഥാപിക്കുന്നതിനെ കുറിച്ച് രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) മനോഹരമായ ഒരു കാര്യം പറയുകയുണ്ടായി. “ദേശത്തോടുള്ള സ്നേഹവും മനുഷ്യകുലത്തോടുള്ള സ്നേഹവും ഒരിടത്ത് സമ്മേളിക്കുമെന്ന കാര്യം ലോകം മനസ്സിലാക്കാത്തിടത്തോളം കാലം സമാധാനം സ്ഥാപിതമാവുകയില്ല.” മനുഷ്യകുലത്തിന്റെ നേട്ടം ആഗ്രഹിക്കുമ്പോൾ വെറും തന്റെ ദേശത്തിന്റെ നേട്ടം മാത്രമായിരിക്കുകയില്ല. മറിച്ച്, മുഴുവൻ മനുഷ്യകുലത്തിന്റേയും ചിന്തയായിരിക്കും ഉണ്ടാകുക. അപ്പോഴാണ് സമാധാനം സ്ഥാപിതമാവുക. അതിനുവേണ്ടി സദുദ്ദേശ്യമുണ്ടാകേണ്ടത് നിർബന്ധമാണ്.

ഇതിന് അല്ലാഹു ഇവർക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. ഇല്ലെങ്കിൽ, അതിക്രമം പരിധി ലംഘിക്കുമ്പോൾ അല്ലാഹുവിന്റെ ലാത്തി വീശാൻ തുടങ്ങുന്നു. ആപത്തുകളുടേയും പ്രളയങ്ങളുടേയും നാശങ്ങളുടേയും രൂപത്തിൽ തന്റെ പ്രവർത്തനം അവൻ കാണിക്കുന്നു.

ഇക്കാലത്ത് മുഴുവൻ ലോകത്തിനും ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. അല്ലാഹു സ്ഥാപിച്ചിട്ടുള്ളതിനെ എന്തൊന്ന് കവച്ചുവക്കുന്നുവോ അത് അവന്റെ പിടിയിൽ വരും. അല്ലാഹു കരുണ ചെയ്യട്ടെ. നമ്മെ ആപത്തുകൾ കാണിക്കാതെ മുഴുവൻ രാഷ്ട്രങ്ങളും മുഴുവൻ ജനതയും ഒന്നായി, തങ്ങളുടെ സൃഷ്ടികർത്താവിനെ തിരിച്ചറിഞ്ഞുകൊണ്ട് ഒരു കൊടിക്കീഴിൽ അണിനിരക്കുന്ന കാഴ്ച കാണിക്കുമാറാകട്ടെ. അത് ഇസ്‌ലാമിന്റെ പതാകയായിരിക്കട്ടെ. നമ്മുടെ കർമ്മങ്ങളും പ്രാർത്ഥനകളും കൊണ്ട് ഇക്കാര്യത്തിൽ പൂർണ്ണമായും പരിശ്രമിക്കാൻ അല്ലാഹു നമുക്കു ഭാഗ്യം നല്കുമാറാകട്ടെ.

Khuthba: Hadhrat Mirza Masroor Ahmad Khalifathul Masih V
on 17.3.2006 at Baitul Futuh, London *Translated by: Muhammad Ismail, Alleppey*